ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.04.2026**

## പ്രധാനവാർത്തകൾ

1. മധുര സംഗീതം അവശേഷിപ്പിച്ച് ആശാ ഭോസ്‌ലെ വിട പറഞ്ഞു; മണ്മറഞ്ഞത് തലമുറകളെ സ്വാധീനിച്ച ആലാപന ശൈലിക്ക് ഉടമ ; സംസ്കാരം നാളെ മുംബൈയിൽ.

2. ആശാ ഭോസ്‌ലെയുടെ നിര്യാണത്തിൽ അനുശോചിച്ച് രാഷ്ട്രപതി , ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പടെയുള്ള പ്രമുഖർ.

3. സംസ്ഥാനത്ത് ഗാർഹിക-വാണിജ്യ സിലിണ്ടറുകളുടെ തിരിമറി, കരിഞ്ചന്ത, അനധികൃത സംഭരണം തുടങ്ങിയവ തടയാൻ പരിശോധന ശക്തം.

4. കണ്ണൂർ ദന്തൽ കോളേജിലെ ഒന്നാം വർഷ ബി.ഡി.എസ് വിദ്യാർത്ഥി നിതിൻ രാജിൻറെ മരണത്തിൽ ഒരാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

5. തൃശൂർ, പൂരാവേശത്തിൻറെ തിരക്കിലേക്ക്. തിരുവമ്പാടി വിഭാഗത്തിൻറെ നടുവിലാൽ, നായ്ക്കനാൽ പന്തലുകളുടെ കാൽനാട്ടുകർമ്മം ഇന്ന് നടന്നു.

RNU TVPM

6. സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. താപനില ഉയരാൻ സാധ്യതയുള്ളതിനാൽ പത്തു ജില്ലകളിൽ മഞ്ഞ ജാഗ്രത.

&&&&&&&&&&&&&&&&

**ആശാ ഭോസ്‌ലെ അന്തരിച്ചു**

പ്രശസ്ത ഗായികയും പത്മവിഭൂഷൺ ജേതാവുമായ ആശ ഭോസ്‌ലെ മുംബൈയിൽ അന്തരിച്ചു. 92 വയസായിരുന്നു. സംസ്കാര ചടങ്ങുകൾ നാളെ വൈകുന്നേരം 4 മണിക്ക് മുംബൈയിലെ ശിവാജി പാർക്കിൽ നടക്കും.

&&&&&&&&&&&&&&&&

RNU TVPM

**ആശാ ഭോസ്‌ലെ-അനുശോചനം**

ഇതിഹാസ ഗായിക ആശാ ഭോസ്‌ലെയുടെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അഗാധ ദുഃഖം രേഖപ്പെടുത്തി. വിയോഗം സംഗീത ലോകത്തിനു തീരാ നഷ്ടമാണെന്ന് രാഷ്ട്രപതി പറഞ്ഞു. വൈവിധ്യമാർന്ന ശബ്ദത്തിലൂടെ ആശാ ജി ഇന്ത്യൻ സംഗീതത്തിൽ മായാത്ത മുദ്ര പതിപ്പിച്ചതായി ഉപരാഷ്ട്രപതി അനുസ്മരിച്ചു. പതിറ്റാണ്ടുകൾ നീണ്ടുനിന്ന അതുല്യമായ ആ സംഗീത യാത്ര ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തെ സമ്പന്നമാക്കിയതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

**ആശാ ഭോസ്ലെ (ഇൻട്രോ)**

ജാതി-മത-ലിംഗ ഭേദമന്യേ ഇന്ത്യയുടെ ആത്മാവിനെ തൊട്ടുണർത്തിയ അനേകായിരം ഗാനങ്ങൾക്ക് ശബ്ദ മാധുരി പകർന്ന ആശാ ഭോസ്ലെ നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. കിനാവ്കാണാൻ, വേദനകൾ മറക്കാൻ, ആഹ്ളാദിക്കാൻ ഒക്കെയും നമുക്ക് കൂട്ടുവന്ന ശബ്ദം. 1950-കളിൽ ആരംഭിച്ച കരിയറിൽ ഒട്ടു മിക്ക ഇന്ത്യൻ ഭാഷകളിലുമായി പന്ത്രണ്ടായിരത്തിലേറെ ഗാനങ്ങൾ ആശാ ഭോസ്ലെ പാടിയിട്ടുണ്ട്.

**ഒരു റിപ്പോർട്ട്...**
**( വോയിസ് ....)**

**<u>ആശാ ഭോസ്ലെ ( വോയിസ് )</u>**

എട്ടു പതിറ്റാണ്ടിലേറെ നീണ്ട കരിയറിൽ ആശാ ഭോസ്ലെ പാടി തീർത്ത ഗാനപ്രപഞ്ചത്തിൽ വൈവിധ്യമാർന്ന പ്രണയ ഗാനങ്ങളും ഗസലുകളും മുതൽ പെപ്പി നമ്പറുകൾ വരെ സൂക്ഷ്മമായി ഇഴചേർക്കാൻ ആ ശബ്ദ മാധുരിക്ക് കഴിഞ്ഞു. 'ദം മാറോ ദം', 'പിയാ തൂ അബ് തോ ആജാ' പോലെയുള്ള റോക്ക് നമ്പറുകൾ പാടിയ അതെ ആശാ ഭോസ്ലെ തന്നെയാണ് 'ഹേരത്തോൻ കെ സിൽസിലെ ','ജാനേ തോ മുച്ഹേ ' പോലെയുള്ള ഗസലുകളും പാടിയത്. മധുബാല, സീനത് അമൻ, കജോൾ എന്നീ ബോളിവുഡ് നടിമാരും, പദ്മിനി, വൈജയന്തിമാല അടക്കമുള്ള ദക്ഷിണേന്ത്യൻ നായികമാരും ഹിറ്റ് ഗാനരംഗങ്ങളിൽ ചുവടുവച്ചത് ആശാ ജിയുടെ മധുര ശബ്ദത്തിനൊപ്പം ആയിരുന്നു. മഹാരാഷ്ട്രയിലെ നാട്ടുരാജ്യമായ സങ്കിലിയിൽ പണ്ഡിറ്റ് ദീനനാഥ് മങ്കേഷ്ക്കറുടെ മകളായി ജനിച്ച ആശാ ഭോസ്ലെ പിതാവിന്റെ മരണത്തെ തുടർന്ന് സഹോദരി ലത മങ്കേഷ്ക്കറുടെ പാത പിന്തുടർന്ന് പിന്നണി ഗാന രംഗത്ത് സജീവമാകുകയായിരുന്നു. പത്താം വയസിൽ മറാത്തി ചലച്ചിത്രത്തിന് വേണ്ടിയാണ് ആദ്യമായി

RNUTVPM

പാടുന്നത്. ഓ പി നയ്യാർ, ആർഡി ബർമൻ എന്നിവർ ചിട്ടപ്പെടുത്തിയ നിരവധി ഗാനങ്ങൾക്ക് ആശാ ജി ശബ്ദം പകർന്നു.1980 കളിൽ ഗസലുകൾ പാടിയും , 62 ആം വയസിൽ ആർ റഹ്മാന്റെ രംഗീലയിലൂടെ താര പദവി വീണ്ടെടുത്തും ആശാ ഭോസ്ലെ ആരാധകരെ ഇടയ്ക്കിടെ ഞെട്ടിച്ചുകൊണ്ടിരുന്നു. സുജാത എന്ന സിനിമയിൽ രവീന്ദ്ര ജെയിനിന്റെ സംഗീതത്തിൽ 'സ്വയംവര ശുഭ ദിന മംഗളങ്ങൾ' എന്ന മലയാള ഗാനവും അവർ പാടിയിട്ടുണ്ട്. 2000ൽ ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരവും 2008ൽ പത്മവിഭൂഷണും നൽകി രാജ്യം ആദരിച്ചു. രണ്ടു വട്ടം മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം സ്വന്തമാക്കി. സ്വരമാധുരിയിലൂടെ ആരാധകരുടെ ജീവശ്വാസമായ സംഗീത വിസ്മയമാണ് വിട വാങ്ങുന്നത്. ആശാ ഭോസ്ലെയ്ക്ക്, സംഗീത പ്രേമികളുടെ ആശാ തായ്ക്ക് വിട !

RNU TVPM

**&&&&&&&&&&&&&&&&**

<u>രവി മേനോൻ (ഇ ൻട്രോ)</u>

മാറുന്ന കാലത്തിനും സാങ്കേതിക വിദ്യക്കുമിണങ്ങും വിധം സ്വയം നവീകരിച്ച ഗായികയായിരുന്നു ആശാ ഭോസ്ലെ എന്ന് പ്രമുഖ സംഗീത നിരൂപകനും എഴുത്തുകാരനുമായ രവി മേനോൻ ആകാശവാണി വാർത്തകളോട്.......

( വോയിസ് ....)

**&&&&&&&&&&&&&&&&**

<u>വനിതാ സംവരണ ബിൽ- പ്രധാനമന്ത്രി</u>

പാർലമെൻറിൻറെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് വ്യാഴാഴ്ച തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി രാജ്യസഭാ-ലോക്സഭാ കക്ഷി

നേതാക്കൾക്ക് വനിതാ സംവരണ ബിൽ സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി കത്തയച്ചു. വനിതാ സംവരണ ബിൽ ഭേദഗതിയ്ക്ക് അംഗീകാരം നല്കാൻ എല്ലാ അംഗങ്ങളും ഒരുമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ മാസം 18 വരെയാണ് പാർലമെൻറിൻറെ പ്രത്യേക സമ്മേളനം ചേരുക.

**&&&&&&&&&&&&&&&&**

<u>പശ്ചിമ ബംഗാൾ-ക്യാമ്പെയിൻ</u>

നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിന് 11 ദിവസം ശേഷിക്കെ പശ്ചിമ ബംഗാളിൽ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി കവാഖാലിയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്തു. തൃണമൂൽ കോൺഗ്രസിന് വേണ്ടി മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി റാലികളിൽ സംസാരിച്ചു. പശ്ചിമ ബംഗാളിൽ ഈ മാസം 23 ന് ഒന്നാം ഘട്ട വോട്ടെടുപ്പും 28 ന് രണ്ടാം ഘട്ട വോട്ടെടുപ്പും നടക്കും.

RNUTVPM

**&&&&&&&&&&&&&&&&**

<u>തമിഴ്നാട് പ്രചാരണം</u>

തമിഴ്നാട്ടിലും പ്രചാരണം ഊർജ്ജിതം. ശ്രീ നരേന്ദ്ര മോദി നാളെ വൈകുന്നേരം ബിജെപി പ്രവർത്തകരുമായി സംവദിക്കും. ഡിഎംകെ മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ എം.കെ.സ്റ്റാലിൻ പരമക്കുടിയിൽ പ്രചാരണ പരിപാടിയിൽ സംസാരിച്ചു. തമിഴ്ഗ വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയ് കന്യാകുമാരിയിൽ റോഡ് ഷോയിൽ

പങ്കെടുത്തു. ഈ മാസം 23 ന് ഒറ്റ ഘട്ടമായാണ് തമിഴ്നാട്ടിൽ വോട്ടെടുപ്പ് നടക്കുക. കേരളം , അസം, തമിഴ്നാട്, പശ്ചിമബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിൽ മെയ് നാലിനാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&

അംബേദ്കർ ജയന്തി

അംബേദ്കർ ജയന്തി ദിനമായ ഏപ്രിൽ പതിനാലിന് ലോക് ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ അഭിസംബോധന ചെയ്യും. ചടങ്ങിൽ ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കർ അധ്യക്ഷനാകും. അന്നേ ദിവസം രാവിലെ നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ പുഷ്പാർച്ചന നടത്തും.

&&&&&&&&&&&&&&&&

സിലിണ്ടറുകൾ പിടിച്ചെടുത്തു

എൽ.പി.ജി മേഖലയിലെ കരിഞ്ചന്ത, അനധികൃത സംഭരണം, ഗാർഹിക-വാണിജ്യ സിലിണ്ടറുകളുടെ തിരിമറി തുടങ്ങിയവ തടയുന്നതിനായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് പരിശോധന ശക്തമാക്കി. തിരുവനന്തപുരം ആറ്റിങ്ങലിന് സമീപം നടത്തിയ പരിശോധനയിൽ 600 ലധികം എൽ.പി.ജി സിലിണ്ടറുകൾ പിടിച്ചെടുത്തു. നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് കേരള എൽ.പി.ജി വാർ റൂമിന്റെ ചുമതലയുള്ള സ്പെഷ്യൽ ഓഫീസർ മുഹമ്മദ് ഷഫീഖ് അറിയിച്ചു.

&&&&&&&&&&&&&&&&

PNU TVPM

## അഞ്ചരക്കണ്ടി മെഡിക്കൽ കോളെജ്

കണ്ണൂർ ദന്തൽ കോളേജിലെ ഒന്നാം വർഷ ബി.ഡി.എസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ ഒരാഴ്ചക്കകം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. കണ്ണൂർ സിറ്റി പോലീസ് മേധാവിക്കാണ് നിർദ്ദേശം നൽകിയത്. മരണവുമായി ബന്ധപ്പെട്ട് പോലീസ് പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നൽകി. തിരുവനന്തപുരം ആനമങ്ങാട് സ്വദേശിയായ വിദ്യാർത്ഥിയെ അധ്യാപകൻ ജാതി അധിക്ഷേപം നടത്തിയതായി പിതാവ് ആരോപണം ഉന്നയിച്ചിരുന്നു.

&&&&&&&&&&&&&&&&

PNU TVPM

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടിമിന്നലിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. അതേസമയം, താപനില ഉയരാൻ സാധ്യതയുള്ളതിനാൽ ചൊവ്വാഴ്ച വരെ പത്തു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## തൃശൂർ പൂരം( ഇൻട്രോ )

തൃശൂർ, പൂരാവേശത്തിന്റെ തിരക്കിലേക്ക്. പൂരത്തിന്റെ വരവറിയിച്ച് ഇന്ന് തിരുവമ്പാടി വിഭാഗത്തിന്റെ നടുവിലാൽ, നായ്ക്കനാൽ പന്തലുകളുടെ കാൽനാട്ടുകർമ്മം നടന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജി ല്ലാ പ്രതിനിധി ഭരിതാ പ്രതാപ്...
( വോയിസ്...)

**&&&&&&&&&&&&&&&&**

<u>ശബരിമല വിഷുപൂജ</u>

ശബരിമല സന്നിധാനത്ത് വിഷു ദർശനത്തിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഈ മാസം 15 നാണ് വിഷുപൂജ. 15 ന് പുലർച്ചെ നാലുമുതൽ രാവിലെ ഏഴുവരെ വിഷുകണി ദർശനവും വിഷുക്കൈനീട്ടവും നടക്കും. sabarimalaonline.org എന്ന വെബ്സൈറ്റ് വഴി തീർഥാടകർക്ക് വെർച്വൽ ക്യൂ ബുക്ക് ചെയ്യാവുന്നതാണ്.

**&&&&&&&&&&&&&&&&**

<u>ഐപിഎൽ</u>

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. വൈകുന്നേരം 3.30 ന് ആരംഭിച്ച ആദ്യ മത്സരത്തിൽ ലക്നൗ സൂപ്പർ ജയന്റ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 165 റൺ വിജയ ലക്ഷ്യം.

**&&&&&&&&&&&&&&&&**

**&&&&&&&&&**

**&&&**

PNU TVPM